**ഏലൂർ-എടയാർ മേഖലയിലെ വ്യവസായങ്ങൾ പെരിയാർ മലിനീകരിക്കുന്നത് അവസാനിപ്പിക്കുന്നതിനുവേണ്ടി നടന്ന പെരിയാർ രാസ ജീവ സുരക്ഷാ സംഗമത്തിന്റെ ആവശ്യങ്ങൾ.**

# മാലിന്യമുക്തമായ പെരിയാറിനുവേണ്ടി

പെരിയാർ മലിനീകരണ വിരുദ്ധ സമിതി

നാളിതുവരെയുള്ള വ്യാവസായിക മലിനീകരണത്തിന്റെ ബാക്കിപത്രമായി ഏലൂരിലെയും എടയാറിലേയും വായുവും, വെള്ളവും അങ്ങേയറ്റം മലിനീകരിക്കപ്പെടുകയും മനുഷ്യർ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ അപകടകരങ്ങളായ മാലിന്യങ്ങളുടെ ഗണത്തിൽ പെടുന്ന ലെഡ്, കാഡ്മിയം, ക്രോമിയം, സിങ്ക്, അയൺ, D.D.T., B.H.C., എൻഡോസൾഫാൻ, D.D.E. തുടങ്ങിയ അതീവ പ്രഹരശേഷിയുള്ള മാലിന്യങ്ങൾ കയറിപ്പറ്റുകയും ചെയ്തതിന്റെ ഫലമായി അങ്ങേയറ്റം രോഗാതുരമായ ഒരു അവസ്ഥാവിശേഷം ഏലൂരിലും എടയാറിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഈ മേഖലയിൽ നിരവധി മാരകരോഗങ്ങൾക്കുള്ള സാധ്യത വളരെ കൂടുതലാണെന്ന് പെരിയാർ മലിനീകരണ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ നടന്ന ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നു. 2004 ഓഗസ്റ്റിൽ സ്പ്രീം കോടതി നിരീക്ഷക സമിതി ഏലൂർ – എടയാർ മേഖല സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ അപകടകരങ്ങളായ മാലിന്യങ്ങളെ സംബന്ധിച്ചുള്ള നിയമം പാലിക്കുന്നതിൽ വ്യവസായങ്ങളും അത് നടപ്പാക്കുന്നതിൽ മലിനീകരണ നിയന്ത്രണബോർഡും സർക്കാരും സമ്പൂർണ്ണമായി പരാജയപ്പെട്ടു എന്ന് വിലയിരുത്തിയിരുന്നു. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 2003 ഒക്ടോബർ 14 ലെ സുപ്രീംകോടതിവിധി നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകരിച്ച സുപ്രീംകോടതി നിരീക്ഷണസമിതി ഒരു പ്രാദേശിക പരിസ്ഥിതി കമ്മറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റിയും നിരീക്ഷണസമിതിയും ഏലൂർ – എടയാർ മേഖലയിലെ മലിനീകരണം അവസാനിപ്പിക്കുന്നതിനായി സുപ്രധാമായ പല നിർദ്ദേശങ്ങളും മുന്നോട്ട് വച്ചിരുന്നു. അതിൽ പ്രധാനപ്പെട്ടവ ഏലൂർ – എടയാർ മേഖലയിൽ പെരിയാറിലേക്ക് നിർഗമനക്കുഴലുകളുള്ള മുഴുവൻ കമ്പനികളും 2005 ഡിസംബർ 31ന് മുമ്പായി സീറോ ഡിസ്ചാർജ്ജ് കൈവരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 2008 ആയിട്ടും ഈ മേഖലയിലെ ഒരു കമ്പനിയും ഈ നിർദ്ദേശം പാലിച്ചിട്ടില്ല. അതുപോലെ അപകടകരമായ മാലിന്യങ്ങൾ സംഭരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും, നശിപ്പിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്താനുള്ള സമയപരിധി കഴിഞ്ഞിട്ട് രണ്ട് വർഷം പിന്നിടുന്നു. പെരിയാറിലേക്കുള്ള അമിതമായ മലിനീകരണം മൂലം നദിയിലെ ആവാസവ്യവസ്ഥ സമ്പൂർണ്ണമായും തകർന്നതിന്റെ അടിസ്ഥാനത്തിൽ പെരിയാറിന്റെ ഇരുകരകളിലും രാസവ്യവസായങ്ങൾക്കും, എല്ലുപൊടി കമ്പനികൾക്കും സമ്പൂർണ്ണ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഇത്തരം ക്രിയാത്മകമായ നിർദ്ദേശങ്ങൾ നിരവിധി ഉണ്ടായിട്ടും അതൊന്നും നടപ്പിലാക്കാൻ മലിനീകരണ നിയന്ത്രണബോർഡും സർക്കാരും നാളിതുവരെ തയ്യാറായിട്ടില്ല എന്നു മാത്രമല്ല. മേൽ സൂചിപ്പിച്ച രാസവ്യവസായങ്ങൾക്ക് അടക്കമുള്ള മോറട്ടോറിയം എടുത്തുകളഞ്ഞുകൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് എടുത്ത തീരുമാനം സുപ്രീംകോടതി വിധിയോടുള്ള വെല്ലുവിളിയാണ്. അതുപോലെ രൂക്ഷമായ പ്രതിസന്ധിക്കിടയിലും പൊതുമേഖലാ സ്ഥാപനമായ ഫാക്ട് കോടികൾ ചിലവഴിച്ച് മലിനീകരണ നിയന്ത്രണസംവിധാനങ്ങൾ പരിഷ്ക്കരിച്ചത് അഭിനന്ദനീയമായ കാര്യമാണ്. ഇത് മറ്റ് പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങൾ മാതൃകയാക്കണമെന്നാണ് ഞങ്ങൾക്ക് പറയുവാനുള്ളത്. അതേ അവസരത്തിൽ മലിനീകരണം നിയന്ത്രിക്കാനും അത് സംബന്ധിച്ചുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ ചുമതലപ്പെട്ട മലിനീകരണ നിയന്ത്രണ ബോർഡ് മുമ്പെങ്ങും ഇല്ലാത്ത വിധം താഴെ തലത്തിലുള്ള ഉദ്യോഗസ്ഥർ മുതൽ മേൽത്തട്ടുവരെ അഴിമതിയിൽ മുങ്ങുകയും കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് കൈക്കൂലി വാങ്ങി പരിസ്ഥിതിയുടേയും വ്യവസായത്തിന്റേയും നിലനിൽപ്പ് അപകടത്തിലാക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഇതിനെ മറികടക്കാനും മലിനീകരണം അവസാനിപ്പിച്ച് ഭരണഘടന ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശം സംരക്ഷിക്കുന്നതിന് വേണ്ടി 2008 മെയ് 10-ാം തിയ്യതി താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പെരിയാർ രാസ-ജീവ സുരക്ഷാ സംഗമം സംഘടിപ്പിക്കപ്പെട്ടു.

*** ജുഡീഷ്യൽ അധികാരത്തോടുകൂടിയ പെരിയാർ നദീതട അതോറിറ്റി ഉടൻ പ്രാബല്യത്തിൽ വരുത്തുക.**

*** സൗജന്യ കുടിവെള്ളപദ്ധതിയും, ആരോഗ്യപരിരക്ഷാ പദ്ധതിയും സമയബന്ധിതമായി നടപ്പിലാക്കുക.**

*** ഏലൂരിലെ കുഴിക്കണ്ടം തോടും പരിസരവും, എടയാറിലെ 17-ാം വാർഡും പരിസരവും ഡീകണ്ടാമിനേഷന് വിധേയമാക്കുക.**

*** ഭക്ഷ്യസുരക്ഷ വെല്ലുവിളിക്കപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽമുഴുവൻ ആളുകൾക്കും സമ്പൂർണ്ണവും സുരക്ഷിതവുമായ ഭക്ഷണം കേന്ദ്ര-സംസ്ഥാന സർക്കാർ സൗജന്യമായി ഏർപ്പെടുത്തുക.**

*** നിലവിലുള്ള മലിനീകരണ നിയന്ത്രണബോർഡ് ചെയർമാനെ പിരിച്ചുവിട്ട് ശാസ്ത്രീയമായി ബോർഡ് പുന:സംഘടിപ്പിക്കുക.**